## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1818     15.07.2016-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസനത്തിനായി കർമ്മ പദ്ധതി

**ചോദ്യം**

ശ്രീ.എ.പി.അനിൽ കുമാർ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.മോൻസ് ജോസഫ്

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസനത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് നൈപുണ്യ വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുകയും ഓട്ടോറിക്ഷ നൽകുകയും ചെയ്തു.<br>2. പട്ടികവർഗ്ഗക്കാർക്കായി സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകിയ പദ്ധതി.<br>3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിവിധ ട്രേഡിലുള്ള ഡിപ്ലോമ കോഴ്സുകൾ നടത്തി വരുന്നു.<br>4. കെൽട്രോൺ മുഖേന വിദ്യാർത്ഥികൾക്കായി വിവിധ പരിശീലനങ്ങൾ നൽകുന്നു.<br>5. കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി മുഖേന ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ കോഴ്സുകൾ നൽകി വരുന്നു.<br>6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ വച്ച് ഉന്നൽ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകുന്നു.<br>7. തിരുവനന്തപുരത്തെ ഗവ.ആയുർവ്വേദ കോളേജ് മുഖേന 30 പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിൽ പരിശീലനം നൽകി.<br>8. സംസ്ഥാനത്തെ ഗവ.പോളിടെക്നിക്കുകളിൽ വച്ച് 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ പരിശീലനം നൽകി.<br>9. ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സരപരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ നൽകി വരുന്നു.<br>10. 75 പട്ടികവർഗ്ഗക്കാർക്ക് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം & ക്വാളിറ്റി കൺട്രോൾ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഡിസൈൻ & ഡെവലപ്മെന്റ് എന്നീ കോഴ്സുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ ബയോപോളിമർ സയൻസ് & ടെക്നോളജി മുഖേന നടപ്പിലാക്കി വരുന്നു.<br>11. അട്ടപ്പാടിയിൽ 25 പട്ടികവർഗ്ഗക്കാർക്ക് 6 മാസത്തെ കമ്പ്യൂട്ടർ പരിശീലനം (DCA) ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | 12. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകി വരുന്നു.<br>13. നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 2.00 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുള്ളതും ആയത് വിനിയോഗിച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനു പുറമെ ജില്ലകൾക്ക് അനുവദിക്കുന്ന തുകയിൽ പി.എസ്.സി കോച്ചിംഗ് ഉൾപ്പെടെയുള്ള നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നു. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) | തൊഴിൽ സാദ്ധ്യതയുള്ള വിവിധ ട്രേഡുകളിൽ പരിശീലനം നൽകി പൊതു സ്വകാര്യ മേഖലകളിൽ സ്ഥിരവരുമാനമുള്ള തൊഴിലിൽ ഏർപ്പെടുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളെ സജ്ജരാക്കുകയാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ. |
| സി) | പദ്ധതി നിർവ്വഹണത്തിൽ ഭരണ തലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | സി) | (എ) പിരിവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ